**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 8036

24.07.2012-ലെ മറുപടിയ്ക്ക്

## മിനറൽ വാട്ടർ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>" പി. സി. വിഷ്ണുനാഥ്<br>" സി. പി. മുഹമ്മദ്<br>" റ്റി. എൻ. പ്രതാപൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ മിനറൽ വാട്ടർ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) എവിടെയൊക്കെയാണ് ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;<br><br>(സി) ഈ പ്ലാന്റുകളുടെ പ്രതിദിനശേഷി എത്രയെന്ന് വിശദമാക്കുമോ ? | (എ), (ബി) & (സി) ഉണ്ട്. തൃശ്ശൂർ, പാലക്കാട് ജില്ലകളുടെ അതിർത്തിയ്ക്ക് സമീപം ഭാരതപ്പുഴയുടെ തീരത്ത് മായന്നൂർ എന്ന സ്ഥലത്ത് മിനറൽ വാട്ടർപ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമുള്ള സ്ഥലം കണ്ടെത്തുകയും വിദഗ്ധ ഏജൻസിയെ കൊണ്ട് ജല ഗുണനിലവാര പരിശോധന നടത്തുകയും ജല ലഭ്യത സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ഈ സ്ഥലം ഏറെ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം 30000 ലിറ്റർ ശേഷിയുള്ള മിനറൽ വാട്ടർ പ്ലാന്റ് ആണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പ്ലാന്റ് സ്ഥാപിക്കാൻ മാത്രമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ